# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുവപ്പടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം/ബിപി/296/2223

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2. എ ഡി സി (ജനറൽ), എറണാകുളം
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം/ബിപി/296/2223 തീയ്യതി: 11/04/2023

## എറണാകുളം ജില്ലയിലെ കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 03-03-2023 | 08-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2023 | 08-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. മരുൺ മാത്യൂ,ഓഡിറ്റ് ഓഫീസർ
2. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. സന്തോഷ്കുമാർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബേസിൽ പോൾ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീകല ഒ | സെക്രട്ടറി | 01-04-2021 | 06-05-2021 |
| ശ്രീ കബീർ റ്റി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-05-2021 | 11-05-2021 |
| ശ്രീമതി സേതുലക്ഷ്മി വി എൻ | സെക്രട്ടറി | 12-05-2021 | 31-05-2021 |
| ശ്രീ അരുൺകുമാർ കെ എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 15-06-2021 |
| ശ്രീ മുഹമ്മദ് സബീർ പി എം | സെക്രട്ടറി | 16-06-2021 | 05-08-2021 |
| ശ്രീമതി റഹിമ വി വി | സെക്രട്ടറി | 06-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാജീവ് എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ബിനോയ് എം പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ ഷൈൻ എച്ച് പള്ളത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി റഫീന ബീവി എം എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഇ സൈനബ | മെഡിക്കൽ ഓഫീസർ ഇൻ ചാർജ്, സി എച്ച് സി വേങ്ങൂർ | 01-04-2021 | 28-02-2022 |
| ഡോ.ആനന്ദ് സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ ഇൻ ചാർജ്, സി എച്ച് സി വേങ്ങൂർ | 01-03-2022 | 31-03-2022 |
| ശ്രീ ജിബിൻ ജോയ് | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മോളി പി എൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 18-12-2021 |
| ശ്രീമതി അമീരാ ബീഗം | കൃഷി അസിസ്റ്റന്റ് | 19-12-2021 | 31-12-2021 |

| | | | |
|---|---|---|---|
| എ | ഡയറക്ടർ(ചാർജ്) | | |
| ശ്രീമതി മോളി പി എൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-01-2022 | 31-03-2022 |
| ശ്രീമതി സുഹറ സി എച്ച് | സി ഡി പി ഒ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-9 |
| 10 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. | 1-10 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസിലെ ദൈനംദിന ചെലവുകൾ പദ്ധതി-ഡാറ്റാ എൻട്രിക്ക് പണം നൽകിയത് സംബന്ധിച്ച് | 1-11 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസിലെ ദൈനംദിന ചെലവുകൾ- ക്വട്ടേഷൻ കൂടാതെ സാധനങ്ങൾ വാങ്ങി | 1-12 |
| 13 | ഹരിതകർമ്മസേനയ്ക്ക് ട്രോളി - ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു | 1-13 |
| 14 | വി സി ബി ടാക്കൂർ പാസേജ് -ആസൂത്രണത്തിലെ പിഴവ് മൂലം ലക്ഷ്യം കൈവരിച്ചില്ല | 1-14 |
| 15 | ഡ്രൈവർമാർക്ക് യാത്രാബത്ത നൽകിയതിലെ അപാകത | 1-15 |
| 16 | ബയോമെഡിക്കൽ മാലിന്യം-എൻ എച്ച് എം-ൽ നിന്ന് സർവീസ് ചാർജ് ലഭ്യമായില്ല | 1-16 |
| 17 | നിക്ഷേപ പ്രവ്യത്തികൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല | 1-17 |
| 18 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-17-1 |
| 19 | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-18 |
| 20 | സാക്ഷരതാ പ്രേരകിന് ഓണറേറിയം-തിരികെ ലഭ്യമായില്ല | 1-19 |
| 21 | പൂർത്തീകരിച്ച മരാമത്ത് പ്രവ്യത്തികൾ നിഷ്ക്രിയ ആസ്തികളായി പരിണമിക്കുന്നു | 1-20 |
| 22 | ഷീ ഹാപ്പി പദ്ധതി-വിതരണവിവരം ലഭ്യമല്ല | 1-21 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെബജറ്റ് 17.2,21ലെ 1(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പുതുക്കിയ ബജറ്റ് 15.5.22ലെ 1(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്ന വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 26680958 | 5765683 | 20915275 |
| വരവ് | 355667402 | 70256337 | 285411065 |
| ആകെ | 382348360 | 76021975 | 306126385 |
| ചെലവ് | 348910215 | 69297868 | 279612347 |
| നീക്കിയിരിപ്പ് | 33438145 | 6724107 | 26714038 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 08.06.2022 |

1.2.2 വാർഷിക ധനകാര്യപത്രിക- അപാകതകൾ

കുവപ്പടി ബ്ലോക്ക്പഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഇ-ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ ക്രെഡിറ്റ് ചെയ്യുന്നതിന് LSGD അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് മുഖാന്തിരം ലഭിക്കുന്ന തുക കിട്ടാനുള്ള തുകയായി കണക്കാക്കി ഷെഡ്യൂൾ B-15 (Sundry Debtors Receivables)ൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

2) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ഇല്ല.

3) വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കും പ്രത്യേക ഉദ്ദേശ്യങ്ങൾക്കുമായി ലഭിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) ഐ-18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ്പെൻസ് ആയി രേഖപ്പെടുത്തിയ വിവിധ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജേണൽ എൻട്രികൾ പ്രകാരം അഡ്ജസ്റ്റ്മെന്റുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

5) ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വാർഷികകണക്കുകളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

6) നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിട്ടിക്ക് 60,000/- രൂപയും കെ എസ് ഇ ബി ക്ക്

122921/- രൂപയും നൽകിയിട്ടുള്ളത് റെസീപ്റ്റ് പേയ്മെന്റ് ഷെഡ്യൂൾ RP – 47 ൽ ഈയിനത്തിലെ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5765683 |
| ഓഡിറ്റ് വർഷത്തെ വരവ് | 70256337 |
| ആകെ | 76021975 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 69297868 |
| നീക്കിയിരിപ്പ് | 6724107 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3556941 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23459000 | 23459000 | 23452847 | 0 | 6153 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11092000 | 11092000 | 10817444 | 0 | 274556 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 464373 | 46473 | 440,000 | 0 | 24373 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8381152 | 8381152 | 6872807 | 0 | 1508345 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 4443183+ 42184(interest)= | 4485367 | 4443183 | 42184 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 8681888 | 8681888 | 8177083 | 482634 | 22171 |
| ഐ എവൈ ജനറൽ 320100110 | 312268 | 9471 | 321739 | - | 321739 | |
| ശുചിത്വമിഷൻ ഗ്രാന്റ് 320100115 | 1258136 | 36884 | 1295020 | - | 1295020 | |
| പൈക്ക 320100126 | 9000 | - | 9000 | - | 9000 | |
| മിസലേനിയസ് ,കില ട്രൈനിംഗ് ,കേരളോത്സവം 320100199 | 853817 | 137758 | 991575 | 163609 | 827966 | |
| പി എം എ വൈ | 14615 | 510961 | 525576 | 400000 | 125576 | |

| | | | | | | |
|---|---|---|---|---|---|---|
| 320200301 | | | | | | |
| ഐ എ വൈ ലോൺ 320300199 | 10700 | - | 10700 | - | 10700 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 120 | 90133021 | 101 | 55478524 | 0 | 19 | 84 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.2023 ന് 3.30 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ളോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം ഫ്രണ്ട് ഓഫീസ് സജ്ജമാക്കിയിട്ടുണ്ടെങ്കിലും തപാലുകൾ നിലവിൽ ഇവിടെയല്ല സ്വീകരിച്ചുവരുന്നത്. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറുന്ന പദ്ധതികളുടെ ബില്ലിൽ ഏത് ഗ്രാമപഞ്ചായത്തിനാണ് വിഹിതം നൽകുന്നതെന്നോ, തുക ക്രെഡിറ്റായതിന്റെ രേഖകളോ വെബ് സാംഖ്യാ റിപ്പോർട്ടിൽ നിന്ന് ലഭ്യമായിട്ടില്ല. ആയതിനാൽ തുക ലഭ്യമായതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.വിവിധ സെക്ഷനുകൾക്ക് കമ്പ്യൂട്ടറുകൾ ലഭ്യമാണെങ്കിലും ഇ-ഓഫീസ് സംവിധാനത്തിലേക്ക് പൂർണ്ണമായി മാറാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.വിവിധ ഗ്രാമപഞ്ചായത്തുകൾ, നിർവ്വഹണ ഏജൻസികൾ എന്നിവ മുഖാന്തിരം പദ്ധതികൾ നടപ്പാക്കുന്നതിന് കൈമാറുന്ന തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ, പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി നിരീക്ഷിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.02.22 | 2016 To 2022 | 13.04.2022 |
| പെർഫോമൻസ് ഓഡിറ്റ് | 1.12.2022 – 3.12.2022 | 04/2022 - 07/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-10 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2022-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100115 | 1295020 |
| 2 | 320100126 | 9000 |
| 3 | 320100199 | 827966 |
| 4 | 320200301 | 125576 |
| 5 | 320300199 | 10700 |
| 6 | 320400199 | 100,000 |
| 7 | 320700203 | 250,000 |
| 8 | 320700210 | 2720864 |

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെബ്ളോക്ക് പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കി ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

## 1-11 ഡയറി എക്സ്റ്റൻഷൻ ഓഫീസിലെ ദൈനംദിന ചെലവുകൾ പദ്ധതി- ഡാറ്റാ എൻട്രിക്ക് പണം നൽകിയത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഡയറി എക്സ്റ്റൻഷൻ ഓഫീസ് ദൈനംദിന ചെലവുകൾ |
| പ്രോജക്റ്റ് നം | 44/22 |
| അടങ്കൽ | 90000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 90000/- |
| ബിൽ നം., തീയതി, തുക | 119/21-22, 30.11.2021, 9246/- |

മേൽ പദ്ധതിയിൽ 1635 ക്ഷീരകർഷകരുടെ വിവരങ്ങൾ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തിയ വകയിൽ റെക്കോർഡ് ഒന്നിന് 5/- രൂപ നിരക്കിൽ 8175/- രൂപയും, 153 ക്ഷീരകർഷകരുടെ വിവരങ്ങൾ സാംഖ്യാ സോഫ്റ്റ് വെയറിൽ ചേർത്ത ഇനത്തിൽ 1071/- രൂപയും ചേർത്ത് ആകെ 9246/- രൂപ ശ്രീമതി സുനിത പോൾ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018 , ഖണ്ഡിക നമ്പർ 8.8 പ്രകാരം ദൈനംദിന ചെലവുകൾക്കായി തുക നൽകാവുന്ന ഇനങ്ങൾ കറന്റ് ചാർജ്, വാട്ടർ ചാർജ്, സ്റ്റേഷനറി, വാടക, കൺസ്യൂമബിൾസ്, പോസ്റ്റേജ്, ഇന്റർനെറ്റ് ചാർജ് എന്നിവയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ (കൈ) നം. 11/2018 തസ്വഭവ തീയതി 29.01.2018 ഖണ്ഡിക നം.6.7 ൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാവുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് ഊന്നൽ കൊടുക്കുന്ന പദ്ധതികളാണ് ഈ ഫണ്ടുപയോഗിച്ച് ഏറ്റെടുത്ത് നടപ്പാക്കേണ്ടത്. എന്നാൽ മേൽ പദ്ധതിയിൽ 'ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി' എന്ന പദ്ധതിയുടെ ഡാറ്റാ എൻട്രി ജോലികൾ ചെയ്തതിന് ദൈനംദിന ചെലവിലുൾപ്പെടുത്തി തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1, തീയതി. 06.03.2023) മറുപടി ലഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലമാണ് ഡാറ്റാ എൻട്രിക്ക് മറ്റൊരാളെ എൽപ്പിക്കേണ്ടി വന്നതെന്നും, ഡാറ്റാ എൻട്രിക്ക് പണം ചെലവഴിക്കുന്നതിനായി പ്രൊജക്റ്റ് രേഖയിൽ 'അധിക വിവരങ്ങളും രേഖകളും' എന്ന ശീർഷകത്തിൽ ആയത് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു. പദ്ധതിപ്പണം ചെലവഴിക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മാത്രം ചെലവഴിക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 ഡയറി എക്സ്റ്റൻഷൻ ഓഫീസിലെ ദൈനംദിന ചെലവുകൾ- ക്വട്ടേഷൻ കൂടാതെ സാധനങ്ങൾ വാങ്ങി

| | |
|---|---|
| പ്രോജക്ടിന്റെ പേര്,<br>പ്രോജക്ട് നമ്പർ | ഡയറി എക്സ്റ്റൻഷൻ<br>ഓഫീസ്<br>ദൈനംദിന ചെലവുകൾ,<br>44/ 21-22 |
| അടങ്കൽ തുക | 90000/ -<br>(മെയിന്റനൻസ് ഫണ്ട്,<br>റോഡിതരം) |
| ആകെ ചെലവ് | 90000/ - |
| ബിൽ നം. /തീയതി<br>(ACR പ്രകാരം) | 92/21-22, 30.10.21,<br>119/21-22, 30.11.21,<br>252/21-22, 22.03.22<br>260/21-22, 25.03.22 |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാർഗരേഖ ജി. ഒ(പി) നം. 259/2010 തസ്വഭവ തീയതി. 08.11.2010 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിലെ 5000 രൂപയുടെ മുകളിലുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയാണ് നടത്തേണ്ടത്. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഡയറി എക്സ്റ്റൻഷൻ ഓഫീസിൽ പുതുതായി വാങ്ങിയ യു.പി.എസ് -ന്റെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കായി 18960 രൂപയുടെ ഇലക്ട്രിക്കൽ ഐറ്റംസ് തടീസ് സൂപ്പർ ഷോപ്പ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1, തീയതി. 06.03.2023) മറുപടി ലഭിച്ചിട്ടുണ്ട്. ഓഫീസിലെ ദൈനംദിന പ്രവർത്തനം, വിവിധ പദ്ധതികളുടെ നിർവഹണം എന്നിവ തടസപ്പെടാതിരിക്കാനായി അടിയന്തിര സ്വഭാവത്തോടെ നടത്തിയ പ്രവൃത്തി ആയതിനാൽ വന്ന പിഴവാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സാധനങ്ങളുടെ വാങ്ങലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരം മാത്രം നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഹരിതകർമ്മസേനയ്ക്ക് ട്രോളി - ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം ,<br>പ്രോജക്ടിന്റെ പേര് | S166/22, ഹരിതകർമ്മസേനയ്ക്ക്<br>പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന്<br>ട്രോളി വാങ്ങി നൽകൽ |
| അടങ്കൽ, ഫണ്ട് | 2116645/- (കേന്ദ്ര ധനകാര്യ കമ്മീഷൻ തുക) |
| ചെലവ് | 2081520/- |
| വൗച്ചർ നമ്പർ/തീയതി | 221000568/29.03.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് ഹരിതകർമ്മസേനാംഗങ്ങൾക്ക് ഉപയോഗിക്കുവാൻ 21240/- രൂപ നിരക്കിൽ 98 ട്രോളി വാങ്ങി പഞ്ചായത്തുകൾക്ക് നൽകുന്നതിന് ഈ പദ്ധതി മുഖേന 2081520/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുവപ്പടി ബ്ലോക്ക് പഞ്ചായത്തിലെ ആറ് പഞ്ചായത്തുകളിലുമായി താഴെപ്പറയും വിധമാണ് ട്രോളി വിതരണം നടത്തിയിട്ടുള്ളത്.

| പഞ്ചായത്തിന്റെ പേര് | വിതരണം ചെയ്തിട്ടുള്ള ട്രോളികളുടെ എണ്ണം |
|---|---|
| രായമംഗലം | 20 |
| കുവപ്പടി | 20 |
| മുടക്കുഴ | 13 |
| വേങ്ങൂർ | 15 |
| അശമന്നൂർ | 14 |
| ഒക്കൽ | 16 |

മുടക്കുഴ ഗ്രാമപഞ്ചായത്തിന് നൽകിയ 13 ട്രോളികളിൽ 11 എണ്ണം ഹരിതകർമ്മസേനാംഗങ്ങൾ ഉപയോഗിക്കാതെ പഞ്ചായത്ത് കോംപൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്നതായി കാണപ്പെട്ടു. ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.






ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 08.03.2023 ലെ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. ആറ് ഗ്രാമപഞ്ചായത്തുകൾക്കും ട്രോളി കൈമാറിയതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മുടക്കുഴ ഗ്രാമപഞ്ചായത്തിന് നൽകിയ ട്രോളികൾ ഹരിതകർമ്മസേനയ്ക്ക് കൈമാറിയെന്നും ഇവ പഞ്ചായത്തിൽ നിന്നും ഉടൻ കൊണ്ടുപോകുന്നതാണെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുള്ളതായി മറുപടിയിൽ വിശദീകരിച്ചു. കൈമാറിയതിന്റെ രേഖകളൊന്നും ലഭ്യമല്ല. എന്നാൽ സ്ഥലം സന്ദർശിച്ചതിൽ ഈ ട്രോളികൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിതരണം പൂർത്തിയാക്കി ഹരിതകർമ്മസേന ഉപയോഗിച്ച് തുടങ്ങുന്നത് വരെ 11 ട്രോളികളുടെ വിലയായ 233640/- രൂപയുടെ ചെലവ് (21240x11=233640) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 വി സി ബി ട്രാക്ടർ പാസേജ് -ആസൂത്രണത്തിലെ പിഴവ് മൂലം ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര്, നം | നബാർഡ് ആർ ഐ ഡി എഫ് XXI -കീഴില്ലം കറിച്ചിലക്കോട് വലിയതോട് വി സി ബിട്രാക്ടർ പാസേജ് നിർമ്മാണം – മുടക്കുഴ ഗ്രാമപഞ്ചായത്ത് S064/22 |
| അടങ്കൽ | 302741/-( വികസനഫണ്ട്- സാധാരണ വിഹിതം) |
| ചെലവ് | 302741/- |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം/ ചെക്ക് നം. | 33/29.07.2021 |
| എം ബുക്ക് നമ്പർ | 06/2018-19 |
| കരാറുകാരൻ | ശ്രീ.ബിജു കെ ചെറിയാൻ |

നബാർഡിന്റെ വായ്പ 66.5 ലക്ഷം രൂപയും ബ്ലോക്ക് വിഹിതമായ 3.5 ലക്ഷം രൂപയും ഉൾപ്പെടെ 70 ലക്ഷം രൂപ അടങ്കലിൽ ആവിഷ്കരിച്ച് നടപ്പാക്കിയ ഈ പദ്ധതിയുടെ ആകെ പ്രവൃത്തിമൂല്യം 5342618/- രൂപയാണ്. തൻവർഷം പദ്ധതിയിൽ 302741/-രൂപയാണ് ചെലവ് വന്നിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 08.03.2023 ലെ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

കാർഷികാഭിവൃദ്ധി ലക്ഷ്യം വച്ച് നടപ്പാക്കിയ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ മുടക്കുഴ ഗ്രാമപഞ്ചായത്തിൽ 10ാം വാർഡിൽ കൂടി പോകുന്ന കീഴില്ലം കറിച്ചിലക്കോട് മുടക്കുഴ വലിയതോടിൽ തോടിന്റെ വശങ്ങൾ ഇടിഞ്ഞ് തോട്ടിലേക്ക് മണ്ണ് വീഴുന്നതുകൊണ്ട് സംരക്ഷണഭിത്തി കെട്ടുന്നതിനും, വേനൽ കാലങ്ങളിൽ സ്വാഭാവിക നീരൊഴുക്ക് താഴ്ന്ന നിലയിലാകുമ്പോൾ ജലസേചനത്തിന് വെള്ളത്തിന്റെ ലഭ്യത കുറയുന്നത് മൂലം കൃഷി മുടങ്ങുന്ന സാഹചര്യമുള്ളതിനാൽ ജലനിരപ്പ് ഉയർത്തി വെള്ളം നീർച്ചാലിൽ കൂടി കൃഷിസ്ഥലത്ത് എത്തിക്കുന്നതിന് തോടിന് കുറുകെ തടയണ കെട്ടുന്നതിനും നീർച്ചാൽ നിർമ്മിക്കുന്നതിനും തോടിന്റെ ഇരുവശത്തേക്ക് ട്രാക്ടറിനും കൃഷിക്കാർക്കും പോകുന്നതിന് ഒരു ട്രാക്ടർ പാലം നിർമ്മിക്കുന്നതിനുമുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ രേഖപ്പെടുത്തിയിട്ടുണ്ട്. ട്രാക്ടർ പാസ്സേജ് നിർമ്മിക്കാതെ പൂർത്തിയാക്കിയ പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ബ്ലോക്ക്പഞ്ചായത്ത് എൽ എസ് ജി ഡി സബ്ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ ഫീസിബിലിറ്റി റിപ്പോർട്ടിൽ പദ്ധതി 'ടെക്നിക്കലി ഫീസിബിൾ' ആണെന്നും ആയതിനാൽ നടപ്പാക്കാവുന്നതാണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചപ്പോൾ ട്രാക്ടർ പാസേജ് നിർമ്മിക്കാത്തതിന് നിർവ്വഹണോദ്യോഗസ്ഥയായ സെക്രട്ടറി വിശദീകരണം ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് എഗ്രിമെന്റ് വച്ച എസ്റ്റിമേറ്റിൽ ട്രാക്ടർ പാസ്സേജോടുകൂടി വി സി ബി (വെന്റഡ് ക്രോസ് ബാർ) നിർമ്മിക്കുവാൻ തക്ക അളവിലുള്ള പില്ലറുകളും സ്ലാബും ഉണ്ടായിരുന്നില്ല എന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചിട്ടുള്ളത്.

2) വി സി ബി-യും ട്രാക്ടർ പാസ്സേജും നിർമ്മിക്കുന്നതിന് അംഗീകരിച്ച എസ്റ്റിമേറ്റിൽ 2.50 മീറ്റർ ഉയരമുള്ള പില്ലറുകളും അതിന് മുകളിൽ 3 മീറ്റർ വീതിയുള്ള സ്ലാബും ആണ് ഉള്ളത്. 2012 ലെ കേരളാ പി ഡബ്ല്യു ഡി മാനവൽ സെക്ഷൻ 1408 പ്രകാരമുള്ള ഫീൽഡ് ഇൻവെസ്റ്റിഗേഷൻ നടത്തുകയോ ഫീൽഡ് ഡാറ്റ തയ്യാറാക്കുകയോ ചെയ്തിരുന്നെങ്കിൽ 2.50 മീറ്റർ ഉയരമുള്ള പില്ലറുകൾ നിർമ്മിച്ചാൽ വി സി ബി-യുടെ ഷട്ടറുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കില്ലെന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതിന് നിർമ്മാണ വേളയിൽ പില്ലറുകളുടെ ഉയരം 4.50 മീറ്റർ ആയി ഉയർത്തുകയും സ്ലാബിന്റെ വീതി 2 മീറ്റർ ആയി കുറയ്ക്കുകയും

ചെയ്തപ്പോൾ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലൊന്നായ ട്രാക്ടർ പാസ്സേജ് നിർമ്മിക്കാൻ സാധിക്കാതെ വരികയും ഫലത്തിൽ കർഷകർക്കോ കാർഷികയന്ത്രങ്ങൾക്കോ കൃഷിസ്ഥലത്തേക്ക് കടക്കാനാവാത്ത സ്ഥിതിയിൽ ആകുകയും ചെയ്തു. ചിത്രങ്ങൾ കാണുക.








അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ലഭ്യമാക്കിയ വിശദീകരണത്തിൽ തോടിന്റെ മറുകരയിലേക്ക് വി സി ബി-യിലൂടെ അല്ലാതെ മറ്റ് വഴികളിലൂടെയും ട്രാക്ടർ എത്തിക്കുവാൻ നിലവിൽ സാധിക്കുമെന്നതിനാൽ കർഷകർക്ക് ട്രാക്ടർ പാസ്സേജില്ലാത്തത് ഒരു ബുദ്ധിമുട്ടായി അനുഭവപ്പെടുന്നില്ലെന്നും ട്രാക്ടർ പാസ്സേജിലൂടെ മറുകരയിലെത്തുവാൻ അപ്രോച്ച് റോഡോ സംവിധാനങ്ങളോ നിലവിലില്ലാത്തതുമാണെന്നും ചേർത്തിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തിയായപ്പോൾ കർഷകർ രേഖാമൂലം പരാതിപ്പെടുകയാണുണ്ടായത്. ട്രാക്ടർ പാസ്സേജിലൂടെ മറുകരയിലെത്തുവാൻ അപ്രോച്ച് റോഡോ സംവിധാനങ്ങളോ നിലവിലില്ലാത്തതാണെന്ന വിശദീകരണം ആസൂത്രണത്തിലെ പിഴവ് ശരി വയ്ക്കുന്നതും എസ്റ്റിമേറ്റ് റിപ്പോർട്ട്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയിലെ അപാകത വെളിപ്പെടുത്തുന്നതുമാണ്.

3) നബാർഡ്- ആർ ഐ ഡി എഫ് പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിന് ഗ്രാമവികസന കമ്മീഷണർ 02.07.2016 ൽ നൽകിയ നിർദ്ദേശങ്ങളുടെ 2-ാം ഖണ്ഡികയിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 8-ാം ഖണ്ഡികയിൽ പദ്ധതിനിർവ്വഹണം ബ്ളോക്ക്, ജില്ലാ തലത്തിൽ മോണിട്ടർ ചെയ്യണമെന്നും പുരോഗതി റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർക്ക് എല്ലാ മാസവും അയച്ചുകൊടുക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തുകയും വിഷയം നിർവ്വഹണോദ്യോഗസ്ഥയായ സെക്രട്ടറിയെയോ മേലധികാരികളെയോ അറിയിക്കാതെ പൂർത്തീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അന്നത്തെ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിയുമായി ആശയവിനിമയം നടത്തിയാണ് പ്രവൃത്തി നടപ്പാക്കിയത് എന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ബില്ല് മാറുന്നതിന് മുൻപ് സ്ഥലപരിശോധന നടത്തിയ സെക്രട്ടറി ഫയലിൽ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് എഞ്ചിനിയർ ഇക്കാര്യം അറിയിച്ചത് എന്ന് രേഖകളിൽ നിന്ന് വ്യക്തമാണ്.

4) വി സി ബി കം ട്രാക്ടർ പാസ്സേജ് നിർമ്മാണം എന്ന പ്രവൃത്തിയിൽ ട്രാക്ടർ പാസ്സേജ് നിർമ്മിക്കാതിരുന്നിട്ടും എൽ ബി എസ് സെന്റർ കൺസൾട്ടന്റ് എഞ്ചിനിയർ പരിശോധന നടത്തി ഗുണനിലവാര സർട്ടിഫിക്കറ്റ് നൽകിയെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ട്രാക്ടർ പാസ്സേജ് ഉൾപ്പെടെയുള്ള നിർമ്മാണം സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ഗ്രാമവികസന കമ്മീഷണറുടെ 8842/ആർ&ഐ2/2016 സിആർഡി തീയതി 06.10.2020 കത്തിലെ നിർദ്ദേശാനുസരണം ബില്ല് മാറി തുക നൽകിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്തിന്റെ 06.07.2021 ലെ അടിയന്തിര കമ്മിറ്റിയിലെ 1(1) നമ്പർ തീരുമാനത്തിൽ ട്രാക്റ്റർ പാസ്സേജ് നിർമ്മാണത്തിന് അടുത്ത സാമ്പത്തിക വർഷം പ്രൊജക്ട് വയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുപ്പണം ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതികൾ ശരിയായ പഠനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വീഴ്ചകൾ കൂടാതെ നടപ്പാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥരും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 ഡ്രൈവർമാർക്ക് യാത്രാബത്ത നൽകിയതിലെ അപാകത

ബ്ലോക്ക് പഞ്ചായത്തിലെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ഡ്രൈവർമാരുടെ യാത്രാബത്ത ഇനത്തിൽ താഴെപ്പറയും പ്രകാരം ചെലവ് വന്നിട്ടുള്ളതായി കാണുന്നു.

| വൗച്ചർ നമ്പർ/ തീയതി | തുക | കൈപ്പറ്റിയ ഡ്രൈവറുടെ പേര് |
|---|---|---|
| 22100208/23.11.2021 | 9695/- | ശ്രീ ബിബിൻ മാത്യു |
| 22100254/14.01.2022 | 8725/- | ശ്രീ.ലാലു കെ ജോസഫ് |

സർക്കാർ വകുപ്പ് തല ഡ്രൈവർമാർ ദൈനംദിന ജോലിയുടെ ഭാഗമായി വാഹനമോടിക്കുമ്പോൾ യാത്രാബത്ത അനുവദനീയമല്ലാത്തതാണ്. വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ വാഹനം ദീർഘദൂരം ഓടിക്കേണ്ടിവരുമ്പോൾ 'ഹാൾട്ട്' വരുന്ന അവസരങ്ങളിൽ മാത്രമാണ് കെ എസ് ആർ, ഭാഗം II ലെ ചട്ടങ്ങൾ അനുസരിച്ചുള്ള ഇൻസിഡെന്റൽ എക്സ്പെൻസസ്, ദിനബത്ത എന്നിവയ്ക്ക് അർഹത. മേൽപരാമർശിത ബില്ലുകളിലെ യാത്രകളൊന്നും 'ഹാൾട്ട്' വരുന്ന ദീർഘദൂര യാത്രകൾ അല്ലാത്തതിനാൽ യാത്രാബത്ത അനുവദനീയമല്ലാത്തതിനാൽ ഇത്തരത്തിൽ യാത്രാബത്ത അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് 08.03.2023 ലെ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ തുടർന്നുണ്ടാകുന്ന യാത്രാബത്ത അപേക്ഷകൾ പരിഗണിക്കുമ്പോൾ നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യ (വ്യയം – സി) വകുപ്പിന്റെ 2204261/വ്യയം – സി1/102/2022 ധന തീയതി.27.10.2022 നമ്പർ കത്തിന്റെ ഇക്കാര്യം സ്പഷ്ടീകരിക്കുകകൂടി ചെയ്തിട്ടുള്ളതിനാൽ ഭാവിയിൽ യാത്രാബത്ത അനുവദിക്കുമ്പോൾ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ബയോമെഡിക്കൽ മാലിന്യം-എൻ എച്ച് എം-ൽ നിന്ന് സർവീസ് ചാർജ് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം ,<br>പ്രോജക്ടിന്റെ പേര് | S62/22, കൊവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ പരിരക്ഷാ പ്രവർത്തനങ്ങൾ |
| അടങ്കൽ | 400000/- ( മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ചെലവ് | 400000/- |
| ബിൽ നമ്പർ/തീയതി, തുക | 1)13/15.06.2021 തുക 156409/-<br>2)24/19.07.2021 തുക 18575/-<br>3)23/19.07.2021 തുക 135296/-<br>4)38/12.08.2021 തുക 39737/-<br>5)57/07.09.2021 തുക 8100/-<br>6)69/05.10.2021 തുക 10000/-<br>7)166/29.01.2022 തുക 23247/-<br>8)227/11.03.2022 തുക 8636/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>സാമൂഹ്യാരോഗ്യകേന്ദ്രം |

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഈ പദ്ധതിയിൽ ആകെ 400000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 31748/- രൂപ കൊവിഡ് 19-മായി ബന്ധപ്പെട്ട ബയോമെഡിക്കൽ മാലിന്യം ശേഖരിച്ചതിനുള്ള സർവീസ് ചാർജിനത്തിൽ Indian Medical Association Goes Eco-Friendly (IMAGE) ന് നൽകിയ തുകയാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 09.12.2021 ലെ എം എസ് പി1-27964/2021 നമ്പർ കത്തിൽ 2021 മെയ് മാസത്തിന് ശേഷമുള്ള ബില്ലുകൾ IMAGE നും, ആഗസ്റ്റ് മാസത്തിന് ശേഷമുള്ള KEIL -ന്റെ ബില്ലുകൾ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന NHM, DPM ൽ നിന്നും ലഭ്യമാക്കി IMAGE നും KEIL നും നൽകുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതി മുഖേന നൽകിയ 31748/- രൂപ NHM ൽ നിന്നും തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 08.03.2023 ലെ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമാക്കേണ്ട തുക ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | പദ്ധതിയുടെ നം. , | നല്കിയ തുക, | തുക ലഭ്യമായ |
|---|---|---|---|

| | പേര് | ബിൽ നമ്പർ/<br>തീയതി | സ്ഥാപനം |
|---|---|---|---|
| 1 | പ്രൊ. നം.168 / 22 ,<br>പൂമല ചെറുകുന്നം<br>എസ് സി<br>കുടിവെള്ള പദ്ധതി<br>അധിക വിഹിതം നൽകൽ | 60000 /-<br>( എസ് സി പി)<br>254 / 22.03.2022 | കേരളാ വാട്ടർ<br>അതോറിട്ടി |
| 2 | പ്രൊ. നം. S167 / 22 ,<br>ബ്ലോക്ക് കോംപൗണ്ടിൽ<br>ലൈൻ മാറ്റി സ്ഥാപിക്കൽ | 122921 /-(വികസന ഫണ്ട്-<br>സാധാരണ വിഹിതം)<br>241/18.03.2022 | കെ എസ് ഇ ബി |
| | ആകെ | 182921/- | |

പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് 08.03.2023 ൽ 10ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമായില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 182921/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17-1 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

1) സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ വിവിധ സ്ഥാപനങ്ങൾക്ക് താഴെപ്പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല.

| ക്രമ നമ്പർ | പ്രവൃത്തി<br>യുടെ<br>പേര് /<br>പ്രൊജക്ട്<br>നം | ബിൽ നം./<br>തീയതി<br>(എ.സി.ആർ പ്രകാരം) | നൽകിയ<br>തുക | തുക<br>കൈപ്പറ്റിയ<br>സ്ഥാപനം |
|---|---|---|---|---|
| 1. | ഐ കെ എം പ്രവർത്തന<br>ഫണ്ട് 2021-22<br>S12/22 | 4/28.05.2021 | 45,765/- | ഐ കെ എം |
| 2. | സ്റ്റെങ്ത്തനിംഗ് ഓഫ്<br>ഏർലി ഇന്റർവെൻഷൻ<br>സെന്റേഴ്സ്<br>ബ്ലോക്ക് പഞ്ചായത്ത്<br>വിഹിതം<br>S37/22 | 109/19.11.2021 | 50,000/- | എറണാകുളം<br>ജില്ലാ<br>പഞ്ചായത്ത് |
| 3. | കൊട്ടാരക്കര കില<br>സി എച്ച് ആർ സി-യിൽ<br>വനിതാ ഹോസ്റ്റൽ<br>നിർമ്മാണത്തിന്<br>ബ്ലോക്ക്<br>പഞ്ചായത്ത്<br>വിഹിതം S165/22 | 239/07.03.2022 | 3,00,000/- | ഡയറക്ടർ,<br>കില |
| 4. | ഒക്കൽ വാർഡ്-10<br>അങ്കണവാടി<br>നിർമ്മാണം-ഒക്കൽ<br>ഗ്രാമപഞ്ചായത്തിന്<br>ബ്ലോക്ക് വിഹിതം<br>നൽകൽ<br>S165/22 | 292/30.03.2022 | 3,00,000/- | ഒക്കൽ<br>ഗ്രാമപഞ്ചായത്ത് |
| | | ആകെ | 6,95,765/- | |

2) ലൈഫ് ഭവന പദ്ധതിക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

| ക്രമ നം | പ്രോജക്ട്<br>നം. പേര് | നൽകിയ<br>തുക | ബിൽ നമ്പർ/<br>തീയതി<br>(എ.സി.ആർ പ്രകാരം) |
|---|---|---|---|
| 1 | S030/22<br>ലൈഫ് ഭവനപദ്ധതി<br>(ടി എസ് പി)<br>അടങ്കൽ-440000/- | വേങ്ങൂർ<br>ഗ്രാമപഞ്ചായത്ത്<br>440000/- | 1) 76/07.10.2021<br>-തുക-240000/-<br>2)146/14.01.2022<br>-തുക-120000/- |

| | | | |
|---|---|---|---|
| | ചെലവ്-440000/- | | 3)150/19.01.2022<br>-തുക-440000/- |
| 2 | S068/22<br>ലൈഫ് ഭവനപദ്ധതി<br>(ജനറൽ)<br>അടങ്കൽ-160000/-<br>ചെലവ്- 160000/- | ഒക്കൽ<br>ഗ്രാമപഞ്ചായത്ത്<br>160000/- | 45/16.08.2021<br>-തുക-160000/- |
| 3 | S069/22<br>ലൈഫ് ഭവനപദ്ധതി<br>(എസ് സി പി)<br>അടങ്കൽ-302605/-<br>ചെലവ്- 302605/- | 1)രായമംഗലം<br>ഗ്രാമപഞ്ചായത്ത്<br>102605/-<br>2) അശമന്നൂർ<br>ഗ്രാമപഞ്ചായത്ത്<br>200000/- | 1) 75/07.102021<br>-തുക-102605/-<br>2) 77/07.10.2021<br>-തുക-200000/- |
| 4 | S152/22<br>ലൈഫ് ഭവനനിർമ്മാണം<br>ഗ്രാമപഞ്ചായത്ത് വിഹിതം<br>നൽകൽ<br>(എസ് സി പി)<br>അടങ്കൽ-890000/-<br>ചെലവ്- 890000/- | 1)വേങ്ങൂർ<br>ഗ്രാമപഞ്ചായത്ത്<br>400000/-<br>2)രായമംഗലം<br>ഗ്രാമപഞ്ചായത്ത്<br>490000/- | 1) 151/19.01.2022<br>-തുക-240000/-<br>2) 175/04.02.2022<br>-തുക-60000/-<br>3) 174/04.02.2022<br>-തുക-430000/-<br>4) 176/04.02.2022<br>-തുക-160000/- |
| | | 1792605/- | |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 08.03.2023 ൽ നൽകിയ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 2488370/- (6,95,765+1792605=2488370) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ ഇൻ ചാർജ്, സാമൂഹ്യാരോഗ്യകേന്ദ്രം 2021-22 സാമ്പത്തിക വർഷത്തിൽ കാരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) ൽ നിന്ന് മരുന്ന് ലഭ്യമാക്കുന്നതിനായി താഴെപ്പറയും വിധം തുക കൈമാറിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S6/22 സി എച്ച് സി-യിലേക്ക് മരുന്ന് ലാബ് കൺസ്യൂമബിൾസ് വാങ്ങൽ |
| അടങ്കൽ തുക | 2159582/-(മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| ആകെ ചെലവ് തുക | 2159582/- |
| ബിൽ നമ്പർ/<br>തീയതി, തുക | 1) 7/28.05.2021 തുക 38159/-<br>2) 67/20.09.2021 തുക 61545/-<br>3) 89/23.10.2021 തുക 47352/-<br>4) 140/04.01.2022 തുക 1000000/-<br>5) 226/10.03.2022 തുക 251719/-<br>6) 228/11.03.2022 തുക 101225/-<br>7) 272/25.03.2022 തുക 59578/-<br>8) 283/29.03.2022 തുക 600004/- |

മേൽ പ്രോജക്റ്റ് പ്രകാരം കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്- ലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി നിർവഹണ ഉദ്യോഗസ്ഥൻ 10,00,000/- രൂപ നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 08.03.2023 ലെ 4ാം നമ്പർ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ഹാജരാക്കിയ രേഖകൾ പ്രകാരം 775707/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുള്ളത്. അവശേഷിക്കുന്ന 224293/- രൂപയുടെ മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിലെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 സാക്ഷരതാ പ്രേരകിന് ഓണറേറിയം-തിരികെ ലഭ്യമായില്ല

സ ഉ (സാധാ) നം.626/2021/തസ്വഭവ തീയതി 26.02.2021 നമ്പർ ഉത്തരവിൽ കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരക്മാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം സാക്ഷരതാ മിഷൻ പിന്നീട് തദ്ദേശസ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് സാക്ഷരതാ പ്രേരക്-ന് ഓണറേറിയം നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 22100031/05.05.2021 | 20850/- |
| 22100014/12.04.2021 | 19182/- |
| ആകെ | 40032/- |

തനതുഫണ്ടിൽ നിന്ന് നൽകിയ 40032/- രൂപ സാക്ഷരതാ മിഷനിൽ നിന്ന് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 06.03.2023 ലെ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സാക്ഷരതാ മിഷനിൽ നിന്ന് ലഭ്യമായ കത്തിൽ സാമ്പത്തിക പ്രതിസന്ധി കാരണം ഓണറേറിയം തിരികെ അനുവദിക്കാൻ നിർവ്വാഹമില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്.സർക്കാർ ഉത്തരവ് പ്രകാരം തിരികെ ലഭ്യമാകേണ്ട തുക ആയതിനാൽ ആയത് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾ നിഷ്ക്രിയ ആസ്തികളായി പരിണമിക്കുന്നു

ബ്ലോക്ക പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന പല മരാമത്തു പ്രവർത്തികളും ഒരാവശ്യത്തിനും ഉപയോഗിക്കാതെ നിഷ്ക്രിയ ആസ്തികളായി പരിണമിക്കുന്നതായി കാണുന്നു . ഓഡിറ്റ് വർഷം തുക ചെലവഴിച്ചിട്ടുള്ളതും എന്നാൽ നാളിതുവരെ ഉപയോഗിക്കാത്തതുമായ പദ്ധതികളുടെ ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) രായമംഗലം പഞ്ചായത്ത് വാർഡ് 6 ലക്ഷം വീട് കോളനി സാംസ്കാരിക നിലയം

രായമംഗലം പഞ്ചായത്ത് വാർഡ് 6 ലക്ഷം വീട് കോളനി സാംസ്കാരിക നിലയം നിർമ്മാണത്തിനായി ഓഡിറ്റ് വർഷം രണ്ട് പദ്ധതികളാണ് അസി എഞ്ചിനീയർ നടപ്പിലാക്കിയിരിക്കുന്നത് . നിർമ്മാണ പദ്ധതികളിൽ അനുബന്ധ സൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി തയ്യാറാക്കണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയുമായി ബന്ധപ്പെട്ട 29.01.2018ലെ സ.ഉ.(കൈ) 11/18 /ത സ്വ ഭ വ ഉത്തരവ് ഖണ്ഡിക 3.5.1,9 ൽ നിഷ്കർഷിച്ചിട്ടുണ്ട്. കേരള പി.ഡബ്ല്യു.ഡി മാനവൽ സെക്ഷൻ 2014 പ്രകാരം ഉദ്യോഗസ്ഥർ തങ്ങളുടെ ഡെലിഗേഷൻ ഓഫ് പവറിൽ പരിമിതപ്പെടുത്തുന്നതിനായി പ്രവൃത്തികൾ വിഭജിച്ച് നല്കുവാൻ പാടുള്ളതല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി | ചെലവഴിച്ച തുക |
|---|---|
| രായമംഗലം പഞ്ചായത്ത് വാർഡ് 6 ലക്ഷം വീട് കോളനി സാംസ്കാരിക നിലയം(51/22) | 494229 |
| രായമംഗലം പഞ്ചായത്ത് വാർഡ് 6 ലക്ഷം വീട് കോളനി സാംസ്കാരിക നിലയം പൂർത്തീകരണം (114/22) | 436770 |
| ആകെ | 930999 |

പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടങ്കിലും നാളിതുവരെ ഉപയോഗിക്കാതെ പൊടിപടലങ്ങളും മാറാലയും നിറഞ്ഞ് മലിനമായി കിടക്കുന്നതായി പ്രാദേശിക പരിശോധയിൽ കണ്ടെത്തി.



2.കുന്നക്കാട്ടുമല എസ് സി സാംസ്കാരിക കേന്ദ്രം നിർമ്മാണം

ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ( പ്രോ.നം 46/22 )ൽ പ്പെടുത്തി 936830 രൂപ ചെലവഴിച്ച് കുന്നക്കാട്ടുമലയിൽ എസ് സി സാംസ്കാരിക കേന്ദ്രം നിർമ്മിച്ചിട്ടുണ്ട് . പ്രവർത്തി പൂർത്തികരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെഉപയോഗിച്ചിട്ടില്ല. വഴി സൗകര്യമില്ലാത്ത ഉയർന്ന പ്രദേശത്താണ് സാംസ്കാരിക കേന്ദ്രംനിർമ്മിച്ചിരിക്കുന്നത് . ആയതിനാൽ ആളുകൾക്ക് ഇവിടെ എത്തിച്ചേരാൻ വൈഷമ്യം അനുഭവപ്പെടും



3. മുടക്കുഴ തൃക്കേപ്പടി അംഗൻ വാടിയിൽ വനിതവികസനനകേന്ദ്രം

പ്രോ.നം 106/22 )ൽ പ്പെടുത്തി 936830 രൂപ ചെലവഴിച്ച് മുടക്കുഴ തൃക്കേപ്പടി അംഗൻ വാടിയുടെ മുകൾ നിലയിൽ വനിതവികസനകേന്ദ്രം നിർമ്മിച്ചിട്ടുണ്ട് . പ്രവർത്തി പൂർത്തികരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെഉപയോഗിച്ചിട്ടില്ല. . ഫർണ്ണിച്ചറുകളും മുറിയും പൊടിയും മാറാലയും പിടിച്ച് കിടക്കുന്നതായിപ്രാദേശിക പരിശോധയിൽ ബോദ്ധ്യപ്പെട്ടു.



സെക്രട്ടറി നിർവ്വഹണ ഉദ്ധ്യോഗസ്ഥനായി സാംസ്കാരിക നിലയങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്നപേരിൽ രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി | ചെലവഴിച്ച തുക |
|---|---|
| എസ് സി സാംസ്കാരിക നിലയങ്ങൾക്ക് ഫർണ്ണിച്ചർ (71/22) | 846635 |
| എസ് സി സാംസ്കാരിക | 1842703 |

| | |
|---|---|
| നിലയങ്ങൾക്ക് ഫർണ്ണിച്ചർ (162/22) | |
| ആകെ | 2689341 |

പ്രസ്തുത പദ്ധതി പ്രകാരം വാങ്ങി മുകളിൽ പറഞ്ഞിരിക്കുന്ന കേന്ദ്രങ്ങൾക്ക് നല്കിയ ഫർണ്ണിച്ചറുകളും വാട്ടർ ടാങ്കുകളും പൊടിപിടിച്ച് കിടക്കുന്നതായി പ്രാദേശിക പരിശോധയിൽ ബോദ്ധ്യപ്പെട്ടു. വാട്ടർ കണക്ഷൻ ഇല്ലാത്ത കുന്നക്കാട്ടുമല എസ് സി സാംസ്കാരിക കേന്ദ്രം,രായമംഗലം പഞ്ചായത്ത് വാർഡ് 6 ലക്ഷം വീട് കോളനി സാംസ്കാരിക നിലയം എന്നിവയിൽ ഓരോ വാട്ടർ ടാങ്കുകൾ ഉപയോഗിക്കാതിരിക്കുന്നു.

ഏറ്റെടുത്തു പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾ ലക്ഷ്യപ്രാപ്തിയിലെത്തണമെങ്കിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ യഥാവിധി പരിപാലിക്കപ്പെടേണ്ടതുണ്ട് .അല്ലാത്തപക്ഷം ആസ്തികൾ നിഷ്ക്രിയ ആസ്തികളായി പരിണമിക്കുകയും കാലക്രമേണ നശിച്ചുപോവുകയും അതു വഴി പൊതുപണം പാഴാവുന്നതിന് ഇടവരുത്തുകയും ചെയ്യും. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-21 ഷീ ഹാപ്പി പദ്ധതി-വിതരണവിവരം ലഭ്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര്, നം | ഷീ ഹാപ്പി, 156/22 |
| അടങ്കൽ | 427717/-( വികസനഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | 427717/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സാമൂഹ്യാരോഗ്യകേന്ദ്രം |
| ബിൽ നം/ തീയതി | 186/09.02.2022 |

ഈ പദ്ധതിയിൽ ബ്ലോക്ക്പഞ്ചായത്തിന് കീഴിലെ ആറ് ഗ്രാമ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് 2058 എണ്ണം മെൻസ്ട്രുവൽ കപ്പുകൾ (മീഡിയം സൈസ്) താഴെപ്പറയും വിധം കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് കൈമാറിയിട്ടുള്ളതായി കാണുന്നു.

| പഞ്ചായത്തിന്റെ പേര് | കൈമാറിയിട്ടുള്ള മെൻസ്ട്രുവൽ കപ്പുകളുടെ എണ്ണം |
|---|---|
| രായമംഗലം | 420 |
| കൂവപ്പടി | 420 |
| മുടക്കുഴ | 273 |
| വേങ്ങൂർ | 315 |
| അശമന്നൂർ | 294 |
| ഒക്കൽ | 336 |

പദ്ധതിയിൽ വാങ്ങിയ മെൻസ്ട്രുവൽ കപ്പുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/08.03.2023) മറുപടി ലഭ്യമാക്കിയില്ല. അതുവരെ ഈയിനത്തിലെ 427717/- രൂപയായും ചെലവ് തടസ്സപ്പെടുത്തുന്നു. വിവിധ അളവുകളിലുള്ള മെൻസ്ട്രുവൽ കപ്പുകളാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടത് എന്നതിനാൽ ഇത് സംബന്ധിച്ച് ഡാറ്റ ശേഖരിച്ചതിന് ശേഷമാണോ ഒരേ സൈസിലുള്ള (മീഡിയം) ഉപകരണം വിതരണം ചെയ്തതെന്ന് വ്യക്തമല്ല. പദ്ധതി ലക്ഷ്യം കൈവരിച്ചെന്ന് ഉറപ്പാക്കുന്നതിന് വിതരണം സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| മുടക്കുഴഗ്രാമപഞ്ചായത്ത് | 140,000 | പി എം എ വൈ (ജനറൽ) (18/22) | 140,000 | 0 |
| മുടക്കുഴഗ്രാമപഞ്ചായത്ത് | 45000 | പി എം എ വൈ (എസ് സി പി) (21/22 | 45000 | |
| ജില്ല പഞ്ചായത്ത് | 140,000 | പി എം എ വൈ (ജനറൽ) (18/22) | 140,000 | 0 |
| ജില്ല പഞ്ചായത്ത് | 490,000 | പി എം എ വൈ (ജനറൽ) (148/22) | 490,000 | 0 |
| ജില്ല പഞ്ചായത്ത് | 14000 | പി എം എ വൈ (എസ് സി പി) (21/22 | 14000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊ. നം.168 / 22 , പൂമല ചെറുകുന്നം എസ് സി കുടിവെള്ള പദ്ധതി-അധിക വിഹിതം നൽകൽ | 254/ 22.03.2022 | 60000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| കെ എസ് ഇ ബി | പ്രൊ. നം. S167 / 22 , ബ്ലോക്ക് കോംപൗണ്ടിൽ ലൈൻ മാറ്റി സ്ഥാപിക്കൽ | 241/18.03.2022 | 122921/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം വായ്പ ഇനത്തിൽ വരവും, തിരിച്ചടവും ഇല്ല.

### 4-6 സ്ഥിരനിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(A) പേജ് 41 | 1,47,000 | കല്ലിൽ ഗവ. എൽ. പി. സ്കൂൾ കെട്ടിട നിർമ്മാണം - വേലയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക നല്കി | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(B) പേജ് 41 | 29,000 | കുവപ്പടിമേലേത്തിനാൽ പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി -പമ്പ് സെറ്റ് വാങ്ങിയതിലെ ക്രമക്കേടുകൾ | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(C) പേജ് 41 | 50,000 | ഇരിങ്ങോൾ - ഇരവിച്ചിറ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം | തീർപ്പാക്കിയിട്ടില്ല |
| 2007-08 | 2007-08 | | | അങ്കണവാടിക്ക് ഉപകരണങ്ങൾ | തീർപ്പാക്കിയിട്ടില്ല |
| 2008-09 | 2008-09 | | | വനിതാ കർഷക സംഘങ്ങൾക്ക് കൊയ്ത്തുമെതി യന്ത്രം | തീർപ്പാക്കിയിട്ടില്ല |

### 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

### 4-10 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70256337 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69297868 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3556941 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം .

(ഇല്ല)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 233640 | ശ്രീമതി.റഹിമ വി വി, സെക്രട്ടറി, കുവപ്പടി ബ്ലോക്ക് പഞ്ചായത്ത്. |
| 1-17 | 182921/- | ശ്രീമതി.റഹിമ വി വി, സെക്രട്ടറി, |
| 1-17-1(1) | 45765/- | ശ്രീമതി.സേതുലക്ഷ്മി വി.എൻ. സെക്രട്ടറി |

| | | |
|---|---|---|
| 1-17- 1(2),(3),(4) | 6,50,000/- | ശ്രീമതി.റഹിമ വി വി,<br>സെക്രട്ടറി, |
| 1-17- 2 | 1792605/- | ശ്രീമതി.റഹിമ വി വി,<br>സെക്രട്ടറി |
| 1-18 | 224293/- | ഡോ.സൈനബ ഇ.<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി വേങ്ങൂർ. |
| 1-21 | 427717 | ഡോ. ഇ. സൈനബ,<br>മെഡിക്കൽ ഓഫീസർ,<br>സി. എച്ച്. സി, വേങ്ങൂർ |
| ആകെ | 3556941 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഇല്ല |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സൈനബ ഇ.<br>മെഡിക്കൽ ഓഫീസർ | (വിരമിച്ചു) | മണ്ടത്തിക്കുടി (വീട്)<br>മാറമ്പള്ളി പി.ഒ.<br>ആലുവ. |
| - | - | - |
| ശ്രീമതി.സേതുലക്ഷ്മി വി.എൻ.<br>സെക്രട്ടറി,<br>കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | (വിരമിച്ചു) | മുത്തേടത്ത് ഹൗസ്<br>ആരക്കുന്നം .പി.ഒ<br>മുളന്തുരുത്തി-682313 |
| ശ്രീമതി.റഹിമ വി വി,<br>സെക്രട്ടറി,<br>കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി,<br>കൂവപ്പടി ബ്ലോക്ക്<br>പഞ്ചായത്ത് | ചേനാട്ട് ഹൗസ്,<br>പല്ലാരിമംഗലം പി ഒ,<br>മോഡേൺപടി<br>686671 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.(സി1).2137/2011/21.11.2011 |
| 1998-99 | |
| 1999- 2000 | |
| 2000-01 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2007-08 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)1439/ 2019/ 05.08.2019 |
| 2008-09 | |
| 2013-14 & 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)682/ 2022/ 02.06.2022 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)115/ 2022/ 02.06.2022 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)939/2020 / 03.01.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)958/2022 / 07.07.2022 |

.

എറണാകുളം ജില്ല
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജോയിന്റ് ഡയറക്ടർ

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്